Page 1 of 2

(ബി) ഇതു സംബന്ധിച്ച് പഠിക്കുവാൻ സർക്കാർ നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ ശുപാർശപ്രകാരം തയ്യാറാക്കിയ മാപ്പിൽ എത്ര വില്ലേജുകളാണ് പരിസ്ഥിതിലോല വില്ലേജുകളായി ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി ഇപ്പോൾ തയ്യാറാക്കിയ മാപ്പിനുവേണ്ടി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്നും നേരത്തെ മാപ്പ് തയ്യാറാക്കുവാൻ സ്വീകരിച്ച മാനദണ്ഡങ്ങളിൽനിന്നും എന്തു വ്യത്യസ്ത മാനദണ്ഡമാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 123. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉമ്മൻ. വി. ഉമ്മൻ കമ്മിറ്റി ശുപാർശകൾ പ്രകാരം മാപ്പ് തയ്യാറാക്കിയിരുന്നില്ല.

(സി) ഉമ്മൻ. വി. ഉമ്മൻ കമ്മിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ഈ റിപ്പോർട്ടിലെ ശുപാർശ പ്രകാരം പരിസ്ഥിതിലോല വില്ലേജുകൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു പരിശോധനാ കമ്മിറ്റി രൂപീകരിച്ചിരുന്നു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, കൃഷി ഓഫീസർ, ഫോറസ്റ്റ് റേഞ്ച് ഓഫീസർ വില്ലേജ് ഓഫീസർ എന്നിവരടങ്ങിയ ടി കമ്മിറ്റിയാണ് ഒരു സ്കെച്ച് തയ്യാറാക്കിയത്. ഇത് ശാസ്ത്രീയമല്ലായിരുന്നു. അതുപയോഗിച്ച് പരിസ്ഥിതി ലോല പ്രദേശങ്ങൾ കൃത്യമായി നിർണ്ണയിക്കാനോ, കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം വെബ്സൈറ്റിൽ കൊടുക്കാനോ പറ്റുമായിരുന്നില്ല. അതിനുശേഷം KSREC യെ ഉൾപ്പെടുത്തി. ഭൂവിനിയോഗം അടിസ്ഥാനപ്പെടുത്തി 123 ഗ്രാമങ്ങളുടെ മാപ്പ് തയ്യാറാക്കി. അതിനെ വീണ്ടും മുൻപറഞ്ഞ പഞ്ചായത്ത് സമിതി തയ്യാറാക്കിയ പരിസ്ഥിതിലോല പ്രദേശങ്ങൾ ചേർത്ത് കഡസ്ട്രൽ മാപ്പാക്കിയാണ് വെബ്സൈറ്റിലിട്ടിരിക്കുന്നത്. ഇപ്പോൾ യഥാർത്ഥ അതിർത്തി നിർണ്ണയം സാധ്യമാണ്.

**അനധികൃത ക്വാറികളും ക്രഷറുകളും ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ**

293 (3585) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ വ്യവസ്ഥകൾ പാലിക്കാതെ ക്വാറികളും ക്രഷറുകളും പ്രവർത്തിച്ചുവരുന്നതായി പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

(ബി) അനധികൃതമായി പ്രവർത്തിച്ചുവരുന്ന ക്വാറികളെ തടയുന്നതിന് പരിസ്ഥിതി വകുപ്പ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ;

(സി) നിരവധി ക്വാറികളും ക്രഷറുകളും നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതിനാൽ ഉണ്ടായേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് എല്ലാവിധ ഖനനപ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിക്കൊണ്ട് 21-2-2014-ന് ജി.ഒ. (എംഎസ്.) നമ്പർ 02/14/പരി. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ അനധികൃത ക്വാറികളും അടച്ച് പൂട്ടാനും, അനധികൃതമായി ഖനനം നടത്തിയതിനുള്ള പിഴയീടാക്കാൻ വ്യവസ്ഥയുള്ള പക്ഷം അതും നിയമാനുസൃത ഫീസുകളും ഈടാക്കാനും എല്ലാ ജില്ലാ കളക്ടർമാർക്കും മൈനിംഗ് & ജിയോളജി, പഞ്ചായത്ത് വകുപ്പുകൾക്കും നിർദ്ദേശം നൽകിക്കൊണ്ട് 30-5-2014-ന് സർക്കാർ ഉത്തരവ് (കൈ) നമ്പർ 07/14/പരി. പുറപ്പെടുവിച്ചിട്ടുണ്ട്. അനധികൃത പാറഖനനത്തെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) അനധികൃത ക്വാറി/ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനംമൂലം സർക്കാരിന് ഭീമമായ സാമ്പത്തിക നഷ്ടവും ലഘുധാതുക്കളുടെ ശോഷണവും ഉണ്ടാകുന്നു. ഇതോടൊപ്പം അന്തരീക്ഷ-പരിസര മലിനീകരണത്തിനും പൊതുജനാരോഗ്യത്തിന് ഭീഷണിയും അപകടങ്ങൾക്കും കാരണമാകുന്നുണ്ട്. നിരവധിപേർക്ക് ജീവഹാനിയും സംഭവിച്ചിട്ടുണ്ട്.

ഖനനത്തിനുള്ള പരിസ്ഥിതി അനുമതി

294 (3586) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖനനത്തിന് അനുമതി കൊടുക്കുന്നതിന് മുമ്പ് പരിസ്ഥിതി ആഘാത പഠനം നടത്തണമെന്ന സുപ്രീംകോടതി വിധി നിർദ്ദേശം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഈ വിധിയുടെ അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്രസർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇത് സംബന്ധമായി സംസ്ഥാന സർക്കാർ കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly